# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3111** **07.11.2019 -ൽ മറുപടിയ്ക്ക്**

**ഉപയോഗ ശൂന്യമായതും പ്രവർത്തനക്ഷമതയില്ലാത്തതുമായ ഐ.ടി. ഉപകരണങ്ങളുടെ കണക്ക്**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. റോജി.എം.ജോൺ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്നതും കാലഹരണപ്പെട്ടതും പ്രവർത്തന ക്ഷമതയില്ലാത്തതുമായ ഐ.ടി. അനുബന്ധ ഉപകരണങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കേടുപാടുകൾ സംഭവിച്ചഐ.ടി.ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവ പ്രത്യേക ഹാർഡ്‌വെയർ ക്ലിനിക്കുകളിലൂടെ ശരിയാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിവരികയാണ്. യാതൊരു വിധത്തിലും ഉപയോഗിക്കാൻ കഴിയാത്ത ഉപകരണങ്ങളെ ഇ-മാലിന്യമായി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന 741 ടൺ ഇ-മാലിന്യം സ്കൂളുകളിൽ നിന്ന് ശേഖരിച്ച് നിർമാർജനം ചെയ്തിട്ടുണ്ട്. |
| ബി) എറണാകുളം റവന്യൂ ജില്ലയിലുള്ള പൊതു വിദ്യാലയങ്ങളിലെ ഉപയോഗശൂന്യമായതും പ്രവർത്തനക്ഷമതയില്ലാത്തതുമായ ഐ.ടി. ഉപകരണങ്ങളുടെ കണക്ക് വിദ്യാഭ്യാസ ജില്ലതിരിച്ചുള്ള സ്കൂളുകളുടെ വിലാസം ഉൾപ്പെടെ ലഭ്യമാക്കാമോ? | ബി) ഉപയോഗയോഗ്യമല്ലാത്ത ഐ.ടി. ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗപ്രദമാക്കുന്നതിനും യാതൊരുവിധത്തിലും ഉപയോഗിക്കാൻ കഴിയാത്ത ഉപകരണങ്ങൾ ഇ-മാലിന്യമായി നിർമാർജനം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. എറണാകുളം റവന്യൂജില്ലയിലെ പൊതുവിദ്യാലയങ്ങൾക്കും ഇതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ഏതെങ്കിലും സ്കൂളുകളിൽ ഇപ്പോഴും ഉപയോഗശൂന്യമായതും പ്രവർത്തിക്കാത്തതുമായ ഐ.ടി. ഉപകരണങ്ങൾ ഉണ്ടോ എന്നതു സംബന്ധിച്ച ഡാറ്റ നിലവിൽ ശേഖരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ